# Quit India Quiz in Malayalam (ക്വിറ്റിന്ത്യാ ദിന ക്വിസ്)

ക്വിറ്റ് ഇന്ത്യ സമരം ആരംഭിച്ചത് എന്നാണ്?

**1942 ഓഗസ്റ്റ് 9**

ക്വിറ്റ് ഇന്ത്യ ദിനം എന്നാണ്?

**ആഗസ്റ്റ് 9**

കോൺഗ്രസ് ക്വിറ്റ് ഇന്ത്യ പ്രമേയം പാസാക്കിയത് എന്ന്?

**1942 ആഗസ്റ്റ് 8**

ക്വിറ്റ് ഇന്ത്യ എന്ന വാക്കിന് രൂപം കൊടുത്ത വ്യക്തി?

**യൂസഫ് മെഹ്റലി**

ക്വിറ്റ് ഇന്ത്യ എന്ന വാക്കിന്റെ അർത്ഥം എന്താണ്?

**ബ്രിട്ടീഷുകാർ ഇന്ത്യ വിട്ടു പോവുക**

ക്വിറ്റ് ഇന്ത്യ പ്രമേയം എഴുതി തയ്യാറാക്കിയത്?
**മഹാത്മാഗാന്ധി**

ക്വിറ്റ് ഇന്ത്യ പ്രമേയം പാസാക്കിയ ദേശീയ നേതാവ് ആര്?

**ജവഹർലാൽ നെഹ്‌റു**

ഗാന്ധിജി ക്വിറ്റ് ഇന്ത്യാപ്രഭാഷണം നടത്തിയത് എവിടെ വെച്ച് ?

**മുംബൈയിലെ ഗോവാലിയ ടാങ്ക് മൈതാനത്ത് വെച്ച്**

ക്വിറ്റ് ഇന്ത്യ പ്രമേയം പാസാക്കിയ സമ്മേളനത്തിൽ ഗാന്ധിജി എത്ര മിനിറ്റ് നേരം പ്രസംഗിച്ചു?

**140 മിനിറ്റ്**

ക്വിറ്റ് ഇന്ത്യ പ്രമേയം പാസാക്കിയതോടെ ഗോവാലിയ ടാങ്ക് മൈതാനം അറിയപ്പെടുന്ന മറ്റൊരു പേര്?

**ഓഗസ്റ്റ് ക്രാന്തി മൈതാനം**

ക്വിറ്റ് ഇന്ത്യ സമരം അറിയപ്പെടുന്ന മറ്റൊരു പേര്?

**ഓഗസ്റ്റ് വിപ്ലവം (ഓഗസ്റ്റ് ക്രാന്തി**)

ക്വിറ്റ് ഇന്ത്യ പ്രമേയം പാസാക്കിയ കോൺഗ്രസ് സമ്മേളനം ഏത്?

**ബോംബെ സമ്മേളനം (1942**)

ക്വിറ്റ് ഇന്ത്യ എന്ന ആശയം അവതരിപ്പിക്കപ്പെട്ട ദിനപത്രം?

**ഹരിജൻ (ഗാന്ധിജിയുടെ**)

ഗാന്ധിജി “പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക” (ഡു ഓർ ഡൈ) എന്ന് ആഹ്വാനം ചെയ്തത് ഏതുപ്രക്ഷോഭത്തോടനുബന്ധിച്ചാണ്?

**ക്വിറ്റിന്ത്യാ സമരം**

ക്വിറ്റ് ഇന്ത്യ സമര നായകൻ എന്നറിയപ്പെടുന്നത് ആരാണ്?

**ജയ പ്രകാശ് നാരായണൻ**

ക്വിറ്റ് ഇന്ത്യ സമര നായിക എന്നറിയപ്പെടുന്നത് ആരാണ്?

**അരുണ ആസഫലി**

ക്വിറ്റ് ഇന്ത്യ സമരവുമായി ബന്ധപ്പെട്ട് മലബാറിൽ നടന്ന ഒരു പ്രധാന സംഭവം എന്താണ്?

**കീഴരിയൂർ ബോംബ് കേസ്**

കീഴരിയൂർ ബോംബ് കേസിന് നേതൃത്വം നൽകിയത് ആരാണ്?

**ഡോ. കെ ബി മേനോൻ**

ക്വിറ്റ് ഇന്ത്യ സമര കാലത്തെ ബ്രിട്ടീഷ് പ്രധാനമന്ത്രി?

**വിൻസ്റ്റൺ ചർച്ചിൽ**

ക്വിറ്റ് ഇന്ത്യാ സമര കാലത്ത് ഗാന്ധിജി ഉയർത്തിയ മുദ്രാവാക്യം?

**“പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക”**

ക്വിറ്റ് ഇന്ത്യ സമര കാലത്ത് കോഴിക്കോട് നിന്നും രഹസ്യമായി പുറത്തിറക്കിയ പ്രസിദ്ധീകരണം ഏതാണ്?

**സ്വതന്ത്രഭാരതം**

കേരളത്തിൽ ക്വിറ്റ് ഇന്ത്യ സമരത്തിന് നേതൃത്വം നൽകിയത് ആരാണ്?

**ഡോ. കെ ബി മേനോൻ**

മലബാറിലെ ക്വിറ്റ് ഇന്ത്യാ പ്രസ്ഥാനത്തിന്റെ ശില്പി എന്നറിയപ്പെടുന്നത് ആരാണ്?

**ഡോ. കെ ബി മേനോൻ**

ക്വിറ്റ് ഇന്ത്യ സമര കാലത്തെ വൈസ്രോയി ആരായിരുന്നു?

**ലിൻലിത്ഗോ പ്രഭു**

ഓഗസ്റ്റ് ഓഫർ പ്രഖ്യാപിച്ച വൈസ്രോയി ആര്?

**ലിൻലിത്ഗോ പ്രഭു**

ക്വിറ്റ് ഇന്ത്യ സമര കാലത്തെ കോൺഗ്രസ് പ്രസിഡണ്ട് ആരായിരുന്നു?

**മൗലാനാ അബ്ദുൽ കലാം ആസാദ്**

ക്വിറ്റ് ഇന്ത്യ സമര കാലത്ത് കോഴിക്കോട്ട് നിന്നും പുറത്തിറങ്ങിയ സ്വാതന്ത്രഭാരതം എന്ന പ്രസിദ്ധീകരണത്തിനു വേണ്ടി പ്രവർത്തിച്ചവർ?

**എൻ വി കൃഷ്ണവാര്യർ, എസ് കെ പൊറ്റക്കാട്, സഞ്ജയൻ**

ഇന്ത്യൻ സ്വാതന്ത്ര്യസമര ചരിത്രത്തിലെ അവസാനത്തെ ബഹുജനപ്രക്ഷോഭം?

**ക്വിറ്റ് ഇന്ത്യാ സമരം**

ക്വിറ്റ് ഇന്ത്യാ സമരം ആരംഭിച്ചതോടെ ഗാന്ധിജിയെ അറസ്റ്റ് ചെയ്ത് പാർപ്പിച്ചത് എവിടെയായിരുന്നു?

**പൂനെയിലെ ആഗാഖാൻ കൊട്ടാരത്തിൽ**

ക്വിറ്റ് ഇന്ത്യ സമര കാലത്ത് ജവഹർലാൽ നെഹ്റുവിനെ അറസ്റ്റ് ചെയ്ത് പാർപ്പിച്ചത് എവിടെയാണ്?

**ബോംബെയിലെ അഹമ്മദ് നഗർ കോട്ട**

അഹമ്മദ് നഗർ കോട്ടയിൽ തടവിൽ കഴിഞ്ഞ കാലത്ത് ജവഹർലാൽ നെഹ്റു രചിച്ച കൃതി ഏത്?

**ഇന്ത്യയെ കണ്ടെത്തൽ**

ക്വിറ്റ് ഇന്ത്യ സമരത്തിന്റെ ഭാഗമായി മഹാത്മജിയെയും മറ്റു നേതാക്കളെയും ജയിലിലടച്ചത് എന്നാണ്?

**1942 ആഗസ്റ്റ് 9**

ക്വിറ്റ് ഇന്ത്യ സമരത്തിന്റെ ഭാഗമായി ജയിലിലടച്ച മഹാത്മജിയും മറ്റു നേതാക്കളെയും മോചിപ്പിച്ചത് എന്നാണ്?

**1944 മെയ് മാസം**

ക്വിറ്റ് ഇന്ത്യ സമര കാലത്ത് ഹസാരിബാഗ് ജയിലിൽ നിന്ന് തടവുചാടി വിപ്ലവ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്തത് ആരായിരുന്നു?

**ജയപ്രകാശ് നാരായണൻ**

ക്വിറ്റ് ഇന്ത്യ സമരകാലത്ത് ഒളിവിൽ ഇരുന്നുകൊണ്ട് സമരത്തിന് നേതൃത്വം നൽകിയ കോൺഗ്രസ് സോഷ്യലിസ്റ്റ് പ്രസ്ഥാനത്തിന്റെ പ്രമുഖ നേതാവ് ആരാണ്?

**റാം മനോഹർ ലോഹ്യ**

കിറ്റ് ഇന്ത്യ സമര കാലത്ത് സമാന്തര സർക്കാർ നിലവിൽ വന്ന സ്ഥലങ്ങൾ?

**ബല്ലിയ, സത്താറ. താംലൂക്ക്**

ക്രിപ്സ് മിഷന്റെ പരാജയത്തെ തുടർന്ന്
കോൺഗ്രസ് ആരംഭിച്ച സമരം?

**കിറ്റിന്ത്യാ സമരം**

ഓഗസ്റ്റ് ക്രാന്തി മൈതാനം എന്നറിയപ്പെടുന്നത്?

**മുംബൈയിലെ ഗോവാലിയ ടാങ്ക് മൈതാനം**

കിറ്റ് ഇന്ത്യ സമരകാലത്ത് വ്യക്തി സത്യാഗ്രഹപരിപാടിക്ക് തുടക്കം കുറിച്ചത് ?

**1940 സെപ്റ്റംബർ**

കിറ്റ് ഇന്ത്യ സമര കാലത്ത് മിഡ്നാപൂരിലെ താംലൂക്കിൽ രൂപീകൃതമായ സമാന്തര സർക്കാർ അറിയപ്പെടുന്നത്?

**താമ്രലിപ് തജതീയ സർക്കാർ**

കിറ്റിന്ത്യാ സമരത്തെ “ഭ്രാന്തൻ സാഹസികത” (Mad Venture)എന്ന് വിശേഷിപ്പിച്ചത് ആരാണ്?

**ഡോ. ബി ആർ അംബേദ്കർ**

കിറ്റ് ഇന്ത്യ സമരത്തിന്റെ ഭാഗമായി വ്യക്തി സത്യാഗ്രഹത്തിന് വേണ്ടി തെരഞ്ഞെടുത്ത ആദ്യവ്യക്തി?

**വിനോബ ഭാവേ**

കിറ്റ് ഇന്ത്യ സമര കാലത്ത് ഫ്രീഡം ബ്രിഗേഡ് (ആസാദ് ദസ്ത) എന്ന സംഘടന രൂപീകരിച്ചത്?

**ജയപ്രകാശ് നാരായണൻ**

കിറ്റിന്ത്യാ സമരത്തിൽ നിന്നും വിട്ടുനിന്ന പ്രമുഖ സംഘടനകൾ?

**കമ്മ്യൂണിസ്റ്റ് പാർട്ടി, മുസ്ലിം ലീഗ്, ഹിന്ദു മഹാസഭ**

കിറ്റ് ഇന്ത്യ സമരകാലത്ത് ബോംബെയിൽ നിയമ വിരുദ്ധമായി പ്രവർത്തിച്ച റേഡിയോ പ്രക്ഷേപണകേന്ദ്രം ഏതായിരുന്നു?

**കോൺഗ്രസ് റേഡിയോ**

കിറ്റ് ഇന്ത്യ സമര കാലത്ത് 'സീക്രട്ട് കോൺഗ്രസ് റേഡിയോ' എന്ന പേരിൽ രഹസ്യ റേഡിയോ പ്രക്ഷേപണം ആരംഭിച്ചത് ആരാണ്?

**ഉഷാ മേത്ത**

സത്താറയിൽ ക്വിറ്റ് ഇന്ത്യ സമരത്തിന് നേതൃത്വം നൽകിയത് ആരായിരുന്നു?

**നാനാ പാട്ടീൽ**

ക്വിറ്റ് ഇന്ത്യ സമരവുമായി ബന്ധപ്പെട്ട് അറസ്റ്റിലായ പ്രമുഖ നേതാക്കൾ?

**ഗാന്ധിജി, ജവഹർലാൽ നെഹ്റു, രാജേന്ദ്രപ്രസാദ്, സരോജിനിനായിഡു**

ഇന്ത്യൻ സ്വാതന്ത്ര്യസമര ചരിത്രത്തിലെ ക്ലൈമാക്സ് എന്നറിയപ്പെടുന്ന സമരം ഏതാണ്?

**ക്വിറ്റ് ഇന്ത്യാ സമരം**